©
കേരള സർക്കാർ
Government of Kerala
2026

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

കേരള ഗസറ്റ്
KERALA GAZETTE
അസാധാരണം
EXTRAORDINARY

ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്
PUBLISHED BY AUTHORITY

വാല്യം 15
Vol. XV

തിരുവനന്തപുരം,
വ്യാഴം
Thiruvananthapuram,
Thursday

2026 ഫെബ്രുവരി 19
19th February 2026
1201 കുംഭം 7
7th Kumbham 1201
1947 മാഘം 30
30th Magha 1947

നമ്പർ
No.
695

Form No. 7

(RFCTLARR Rule 18(1)

NOTIFICATION

DCKKD/10718/2023-B4 **16/02/2026**

WHEREAS, the Government of Kerala have as per Notification No. G.O(P) No. 649/2015/RD Dated 04/12/2015, appointed the Special Tahsildar (L.A), Kozhikode to perform the functions of a Collector for the purpose of land acquisition under the Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement act, 2013.

ANDWHEREAS, the Government hereby appoint Deputy Collector (LA), Kozhikode as the Administrator for the purpose of Rehabilitation and Resettlement to the proposed acquisition.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

AND WHEREAS, it appears to the Government that the land specified in the schedule below is needed or likely to be needed for public purpose to wit for the acquisition of land in Cheruvannur and Olavanna villages in Kozhikode Taluk for the construction of Road connecting Thondilakadavu Bridge and Modern Kolathara Raod and service Road for the Thondilakadavu Bridge.

Now, therefore, notice is hereby given to that effect to whomsoever it may concern, in accordance with the provisions of sub-section (1) of section 11 of the Right to Fair Compensation and Transparency in Land Acquisition, Rehabilitation and Resettlement act, 2013.

All persons interested in the said land are accordingly required to lodge before the Special Tahsildar (LA), Kozhikode 4th floor, C Block Civil station Kozhikode 673020 within 60 days from the date of publication of the above notification, or after giving public notice regarding this whichever is later, a statement in writing of the objections if any, regarding the updating of land records or title in respect of the land proposed for acquisition. Any objection/statement which is received after the due date, and which does not clearly explain as how the objector is interested in the land is liable to be summarily rejected.

A summary of the Social Impact Assessment Report is given below, which is available in the official website www.kozhikode.nic.in.

കേരളസര്ക്കാര് **04/12/2015** തിയ്യതിയിലെ ജി.ഒ(പി) നം. **649/2015/**ആര്.ഡി നമ്പര് വിജ്ഞാപന പ്രകാരം സ്പെഷ്യല് തഹസില്ദാര്, എല്എ ജനറല്, കോഴിക്കോടിനെ ഭൂമി ഏറ്റെടുക്കലില് ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതക്കും പുനരധിവാസത്തിനും പുനസ്ഥാപിക്കുന്നതിനുമുള്ള അവകാശ നിയമം **2013** (കേന്ദ്ര ആക്ട് **30/2013)** വ്യവസ്ഥകള്ക്കനുസരിച്ച് ഭൂമി പൊന്നുംവില നടപടിപ്രകാരം ഏറ്റെടുക്കുന്നതിനായി കളക്ടറുടെ ചുമതല വഹിക്കുന്നതിന് സ്പെഷൽ തഹസിൽദാർ (എൽഎ) ജനറൽ കോഴിക്കോടിന്റെ നിയോഗിച്ചിരിക്കുന്നതിനാലും,

നിർദ്ദിഷ്ട ഏറ്റെടുക്കലിൽ പുനരധിവാസത്തിനും, പുന:സ്ഥാപനത്തിനുമുള്ള അഡ്മിനിസ്ട്രേറ്റർ ആയി ഡെപ്യൂട്ടി കളക്ടർ(എൽഎ), കോഴിക്കോടിനെ നിയോഗിക്കപ്പെട്ടതിനാലും,

താഴെ പട്ടികയില് കൊടുത്തിരിക്കുന്ന ഭൂമി ഒരു പൊതുആവശ്യത്തിന്, അതായത് തൊണ്ടിലക്കടവ് പാലം മോഡേൺ കൊളത്തറ റോഡ്, തൊണ്ടിലക്കടവ് പാലത്തിന് സർവ്വീസ്റോഡ് നിർമാണത്തിനുവേണ്ടി ആവശ്യമുണ്ടെന്നോ, ആവശ്യമുണ്ടാകാനിടയുണ്ടെന്നോ കേരള സര്ക്കാരിന് ബോധ്യപ്പെടുന്നത് കൊണ്ടും, ആയത് കൊണ്ട് ഇപ്പോള് ഇത് സംബന്ധിച്ച് ബന്ധപ്പെട്ടവരുടെ അറിവിലേക്കായി ഭൂമി ഏറ്റെടുക്കലിന് ന്യായമായ നഷ്ടപരിഹാരത്തിനും, സുതാര്യതക്കും പുനരധിവാസത്തിനും പുനസ്ഥപാനത്തിനുമുള്ള അവകാശനിയമം **2013** വകുപ്പ് **11** ഉപവകുപ്പ്**(1)** പ്രകാരമുള്ള ഒരു അറിയിപ്പ് ഇതോടൊപ്പം പുറപ്പെടുവിക്കുന്നു.

മേല് പ്രസ്താവിച്ച പ്രകാരം പട്ടികയില് കൊടുത്തിരിക്കുന്ന ഭൂമിയില് താത്പര്യമുള്ള ഏതൊരാളും ഈ വിജ്ഞാപനം പുറപ്പെടുവിച്ച തിയ്യതി മുതല് അറുപതു ദിവസത്തിനുള്ളിലോ ഇതു സംബന്ധിച്ച പൊതുഅറിയിപ്പ് നല്കിയശേഷം അറുപതു ദിവസത്തിനുള്ളിലോ ഏതാണോ അവസാനം സംഭവിക്കുന്നത് അപ്രകാരമുള്ള സമയപരിധിക്കുള്ളില് പൊന്നുംവിലക്കെടുക്കുന്ന

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

ഭൂമിയിന്മേല് ഭൂരേഖകളുടെ നാളതീകരണം സംബന്ധിച്ചോ പ്രമാണം സംബന്ധിച്ചോ തങ്ങള്ക്കുള്ള ആക്ഷേപം, എന്തെങ്കിലും ഉണ്ടെങ്കില് രേഖാമൂലമുള്ള പ്രസ്താവന സഹിതം സ്പെഷല് തഹസിൽദാർ എല് എ കോഴിക്കോട് നാലാം നില , സി ബ്ളോക്ക് , സിവില് സ്റ്റേഷൻ കോഴിക്കോട് **673020** മുമ്പാകെ സമർപ്പിക്കേണ്ടതാണ്. നിശ്ചിത കാലപരിധിക്കുശേഷം സമർപ്പിക്കുന്ന പ്രസ്താവനകളും/ആക്ഷേപങ്ങളും ആക്ഷേപകന് ഭൂമിയിന്മേലുള്ള താല്പര്യമെന്താണെന്ന് ആക്ഷേപത്തില് വ്യക്തമായി വിശദീകരിക്കപ്പെടാത്ത സാഹചര്യത്തിലും അത്തരത്തിലുള്ള പ്രസ്താവനകളും/ആക്ഷേപങ്ങളും മൊത്തത്തില് നിരസിക്കപ്പെടുന്നതായിരിക്കും. ഏറ്റെടുക്കുന്ന ഭൂമിയുടെ കൈവശക്കാരായ ആളുകളുടെ വിവരങ്ങള് ഇതോടൊപ്പം ചേർത്തിട്ടുണ്ട്.

തൊണ്ടിലക്കടവ് പാലം മോഡേൺ കൊളത്തറ റോഡ്, തൊണ്ടിലക്കടവ് പാലത്തിന് സർ വ്വീസ്റോഡ് നിർമാണത്തിനുവേണ്ടി ഏറ്റെടുക്കുന്ന ഭൂമിയിലെ നിലവിലെ കൈവശക്കാരുടെ വിവരങ്ങള് സാമൂഹ്യപ്രത്യാഘാത പഠന റിപ്പോർട്ട് ഒദ്യോഗിക വെബ് സൈറ്റായ **www.clr.kerala.gov.in** ല് ലഭ്യമാണ്. ആയതിന്റെ സംക്ഷിപ്ത രൂപം ഇതോടൊപ്പം ചേർത്തിട്ടുണ്ട്.

പട്ടിക

(ഏകദേശ വിസ്തീർണമാണ് നല്കിയിരിക്കുന്നത്)

തൊണ്ടിലക്കടവ് പാലം മോഡേൺ കൊളത്തറ റോഡ്, തൊണ്ടിലക്കടവ് പാലത്തിന് സർവ്വീസ്റോഡ് നിർമാണം

ക്രമ നം	സർവ്വെ നം.	തരം	വിസ്തീർണ്ണം ഹെക്ടറിൽ	ഏത് പൊതു ആവശ്യത്തിന്	ബാധിക്കുന്ന കുടുംബങ്ങളെ മാറ്റിപാർപ്പിക്കുന്നതിനുള്ള കാരണം.	കൈവശക്കാരുടെ പേരു വിവരങ്ങൾ
1	**47**	നിലം	**0.0218**	തൊണ്ടിലകടവ് പാലം മോഡേൺ കൊളത്തറ റോഡ്		നാളതു റോഡ്, നവാസ് കോട്ടക്കൽ
2	**50**	നിലം	**0.005**			നവാസ് കോട്ടക്കൽ **s/o** മൂസ ഹാജികൊയപ്പ കോവിലകത്ത് ചെറുശോല പി.ഒഎടരിക്കോട്, മലപ്പുറം
3	**50**	നിലം				നവാസ് കോട്ടക്കൽ **s/o** മൂസ ഹാജികൊയപ്പ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

						കോവിലകത്ത് ചെറുശോല പി.ഒഎടരിക്കോട്, മലപ്പുറം
4						മുഹമ്മദ്.വി.ടി., വലിയ തോട്ടത്തിൽ, ബൈജു മൻസിൽ, കൊളത്തറ
5						കുഞ്ഞി മുഹമ്മദ്, S/o മൊയ്തീൻ കോയ, വളപ്പിൽ ഹൌസ്, റഹിമാൻ ബസാർ, കൊളത്തറ.പി.ഒ
6						വളപ്പിൽ ഇസ്മയിൽ, പൊറ്റമ്മൽ
7						രഞ്ജിത്ത് മു.പേർ s/o Late രവീന്ദ്രൻ, കത്തലാട്ട് ഹൌസ്, റഹിമാൻ ബസാർ, കൊളത്തറ.പി.ഒ
8	55	നിലം				മുഹമ്മദ് ബഷീർ S/o അബൂബക്കർ
9	55	നിലം	0.1093	തൊണ്ടിലക്കടവ് പാലം മോഡേൺ കൊളത്തറ റോഡ്		രഞ്ജിത്ത് മു.പേർ s/o Late രവീന്ദ്രൻ, കത്തലാട്ട് ഹൌസ്, റഹിമാൻ ബസാർ, കൊളത്തറ.പി.ഒ
10	55					സെക്രട്ടറി കോഴിക്കോട് കോർപ്പറേഷൻ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

						(വഴിസ്ഥലം)
11	**55**					മഹേഷ് മക്കട മണക്കോട്ട്
12	**55**					മനോജ് മക്കട മണക്കോട്ട്
13	**55**					മുരളീധരൻ **S/o** ബാലൻ
14	**55**					ഉമ്മർ കോയ, ആയിഷ നിവാസ്, റഹിമാൻ ബസാർ, തൊണ്ടിലക്കടവ് റോഡ്, കൊളത്തറ പി ഒ
15	**55**					വീരാൻ കോയ **S/o** മുഹമ്മദ്, മുല്ല വീട്ടിൽ, റഹിമാൻ ബസാർ, കൊളത്തറ.പി.ഒ
16	**55**					ഫിറോസ് **s/O** കോയ, വലിയ തോട്ടത്തിൽ, റഹിമാൻ ബസാർ, കൊളത്തറ.പി.ഒ (വെട്ടൻസ് ബേക്കറി **&** കൂൾ ബാർ)
17	**55**					സെക്രട്ടറി കോഴിക്കോട് കോർപ്പറേഷൻ
18	**55**					രതീഷ് കുമാർ, **&** സിമി, കത്തലാട്ട്, റഹിമാൻ ബസാർ, കൊളത്തറ പി.ഒ
19	**55**					രതീഷ് കുമാർ,

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

						കത്തലാട്ട്, റഹിമാൻ ബസാർ, കൊളത്തറ പി.ഒ
20	**55**					ഗിരീഷ് **S/o** ഗോവിന്ദൻ, മഞ്ഞാല വീട്
21	**55**					റീജ മു.പേർ
22	**55**					ഷമീർ **S/o** വീരാൻ കോയ, മുല്ലവീട്ടിൽ, റഹിമാൻ ബസാർ, കൊളത്തറ പി.ഒ.
23	**55**					ഷാജു **S/o** വീരാൻ കോയ, മുല്ലവീട്ടിൽ, റഹിമാൻ ബസാർ, കൊളത്തറ പി.ഒ.
24	**55**					ഫസീല **W/o** ഷാജു മുല്ലവീട്ടിൽ, റഹിമാൻ ബസാർ, കൊളത്തറ പി.ഒ.
25	**55**					അനസ്, **S/o** വീരാൻ കോയ, മുല്ലവീട്ടിൽ, റഹിമാൻ ബസാർ, കൊളത്തറ പി.ഒ
26	**53**	നിലം	**0.0161**	തൊണ്ടിലക്കടവ് പാലം മോഡേൺ കൊളത്തറ റോഡ്		വീരാൻ കോയ **S/o** മുഹമ്മദ്, മുല്ല വീട്ടിൽ, റഹിമാൻ ബസാർ, കൊളത്തറ.പി.ഒ
27	**53**					അനസ് **S/o** വീരാൻ കോയ,

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

						മുല്ല വീട്ടിൽ, റഹിമാൻ ബസാർ, കൊളത്തറ.പി.ഒ
28	**53**					അസ്മ ജലീൽ
29	**54**	നിലം	**0.0211**	തൊണ്ടിലക്കടവ് പാലം മോഡേൺ കൊളത്തറ റോഡ്		ഉമ്മാച്ചുകുട്ടി, തൊണ്ടിയിൽ (വീട്),ചാലക്കല ്,കൊളത്തറ(**7025 738207)**
30	**54**					അഷറഫ്,തൊണ്ടിയിൽ,ചാലക്കൽ വീട്, കുറ്റിക്കാട്ടൂർ **8086228169**
31	**54**					മുഹമ്മദ് മുതൽ പേർ എരഞ്ഞിക്കൽ
32	**97**	നിലം	**0.0299**	തൊണ്ടിലക്കടവ് പാലം മോഡേൺ കൊളത്തറ റോഡ്		നസീർ S/o. അബൂബക്കർ, തെക്കരതൊടി, ഒളവണ്ണ
33	**97**					അസീസ്
34	**97**					ബീച്ചു മുതൽ പേർ
35	**97**					ബാബു തറയിൽ ഹൌസ്
36	**97**					സതീശൻ, മാധവം (വീട്) ഒളവണ്ണ
		ആകെ വിസ്തീർണ്ണം	**0.2032 ഹെക്ടർ**			

സാമൂഹ്യപ്രത്യാഘാത പഠനറിപ്പോർട്ടിന്റെ സംക്ഷിപ്ത രൂപം

കോഴിക്കോട് ജില്ലയിലെ ഒളവണ്ണ വില്ലേജിനെയും ചെറുവണ്ണൂർ വില്ലേജിനെയും ബന്ധിപ്പിക്കുന്ന തൊണ്ടിലക്കടവ് പാലം മോഡേൺ കൊളത്തറ റോഡ് നിർമാണവും

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

തൊണ്ടിലക്കടവ് പാലത്തിന് സർവ്വീസ് റോഡ് നിർമിക്കുന്നതിനുമായാണ് രണ്ട് വില്ലേജുകളിൽ നിന്നുമായി **0.2899** ഹെക്ടർ ഭൂമി ഏറ്റെടുക്കുന്നത്. ജലപാത വികസനം മുന്നിൽ കണ്ട് തൊണ്ടിലക്കടവ് പാലത്തിന്റെ ഉയരം വർദ്ധിപ്പിക്കേണ്ടി വന്നത് മൂലം പാലത്തിന്റെ ഇരുവശങ്ങളിലും ഉള്ള അപ്രോച്ച് റോഡുകളുടേയും ലെവൽസ് ഉയരേണ്ട സാഹചര്യം രൂപപ്പെടുകയും ആയതിന്റെ ഫലമായി പാലത്തിന്റെ സമീപ പ്രദേശങ്ങളിൽ താമസിക്കുന്ന ആളുകൾക്ക് അവരുടെ സുഗമമായ പ്രവേശനത്തിന് സർവ്വീസ് റോഡ് നിർമിക്കേണ്ടി വരികയും ആയതിന് വേണ്ടി സ്വകാര്യ ഭൂമി ഏറ്റെടുക്കേണ്ട സാഹചര്യം ഉണ്ടാകുകയും ചെയ്തു.

നൂറ്റി അൻപത് മീറ്റർ നീളത്തിലാണ് തൊണ്ടിലക്കടവ് പാലം നിർമിക്കുന്നത്. ബേപ്പൂർ കുന്ദമംഗലം അസംബ്ലി മണ്ഡലങ്ങളെ ബന്ധിപ്പിക്കുന്ന ഈ പാലം വലിയ വികസന സാധ്യതകളാണ് രൂപപ്പെടുത്തുന്നത്. മാങ്കാവ് പന്തീരങ്കാവ് റോഡിൽ നിന്നും നല്ലളം ഒളവണ്ണ റോഡിൽ നിന്നും ദേശീയ പാതയിലേക്കും കോഴിക്കോട് ബൈപ്പാസിലേക്കും ചുരുങ്ങിയ സമയം കൊണ്ട് എത്തിപ്പെടാൻ കഴിയുന്ന പദ്ധതി ജില്ലയുടെ ഉൾപ്രദേശമായ ഒളവണ്ണ ചെറുവണ്ണൂർ പ്രദേശങ്ങൾക്ക് വലിയ അനുഗ്രഹമാണ്. ടി പദ്ധതി പ്രദേശം കോഴിക്കോട് കോർപ്പറേഷനിലും ഒളവണ്ണ പഞ്ചായത്തിലുമായി വ്യാപിച്ചു കിടക്കുന്നു. പദ്ധതി പ്രദേശത്ത് നിന്നും കരിപ്പൂർ വിമാന താവളത്തിലേക്ക് ഉദ്ദേശം **21** കിലോമീറ്ററും കോഴിക്കോട് റെയിൽവേ സ്റ്റേഷനിലേക്ക് എട്ട് കിലോമീറ്ററും ദൂരമുണ്ട്.

മുപ്പത് ഭൂവുടമസ്ഥരും ആറ് ഭൂവുടമസ്ഥർ അല്ലാത്തവരും ഉൾപ്പെടുന്നതാണ് പദ്ധതി ബാധിതർ. ഭൂവുടമസ്ഥരിൽ **24** പേർ പദ്ധതി ബാധിക്കുന്ന ഭൂമിയിൽ താമസിക്കുന്നവരാണ്. **25** ഭൂവുടമസ്ഥർക്കും ചമയങ്ങൾ ഭാഗികമായോ പൂർണമായോ ബാധിക്കപ്പെടുന്നുണ്ട്. സാമ്പത്തിക വിതരണം സൂചിപ്പിക്കുന്നത് എല്ലാവരും ദാരിദ്ര്യരേഖക്ക് മുകളിൽ ഉള്ളവരാണ് എന്നാണ്.

ഉദ്ദേശം **500** മീറ്റർ ദൂരത്തിൽ **70** സെന്റ് ഭൂമിയുടെ ഏറ്റെടുക്കൽ ആയത്ക്കൊണ്ട് തന്നെ വലിയ അളവില് സാമൂഹ്യ പ്രത്യാഘാതങ്ങൾ ഉണ്ടാകുന്നില്ല. എന്നാൽ പല ഭവനങ്ങളുടേയും വളരെ സമീപത്തേക്ക് സർവ്വീസ് റോഡ് എത്തുന്നു എന്നതും ഒരു വീടിന്റെ ചെറിയൊരു ഭാഗം നഷ്ടപ്പെടുന്നു എന്നതും പ്രത്യാഘാതം വർദ്ധിപ്പിക്കുന്ന ഘടകങ്ങളാണ്. മൂന്ന് ഇടറോഡുകളും രണ്ട് സ്വാകര്യ റോഡുകളും പദ്ധതി ഭൂമിയിൽ നിന്നും ആരംഭിക്കുന്നുണ്ട്. ഈ റോഡുകളിലേക്കുള്ള ഗതാഗതം ബാധിക്കപ്പെടാൻ സാധ്യതയുണ്ട്. ഗതാഗതം സുഗമമാക്കാൻ നടപടികൾ പദ്ധതിയിൽ തന്നെ ഉണ്ടാകണം.

ഭവനങ്ങൾക്ക് പൂർണ നഷ്ടം സംഭവിക്കുന്നില്ല എന്നതിനാലും പദ്ധതിബാധിതരിൽ ആരും കുടിയൊഴിപ്പിക്കപ്പെടുന്നില്ല എന്നത്ക്കൊണ്ടും പദ്ധതിയുടെ പ്രത്യാഘാതം ലഘുതരം എന്ന് കണക്കാക്കാവുന്നതാണ്. എന്നാൽ ജലനിരപ്പിൽ നിന്നും ആറ് മീറ്റർ ഉയരത്തിൽ നിർമിച്ചിരിക്കുന്ന പാലത്തിന്റെ സർവ്വീസ് റോഡുകളുടെ പാർശ്വങ്ങളിലുള്ള ഭവനങ്ങൾ അപ്രോച്ച് റോഡിൽ നിന്നും വളരെ താഴെയായി സ്ഥിതി ചെയ്യാൻ സാധ്യതയുണ്ട്. ഭവനങ്ങളിലേക്കുള്ള സുഗമമായ പ്രവേശനം, വെള്ളക്കെട്ട് അതിജീവിക്കുന്ന വിധം ഉള്ള ജലനിർഗമന സംവിധാനം എന്നിവ ഉണ്ടാകണമെന്നും ജനനിബിഢമായ പ്രദേശത്തെ ഭൂമി എന്ന പരിഗണന നൽകി ന്യായമായ നഷ്ടപിരഹാരം നൽകണമെന്നും പദ്ധതിബാധിതർ ആവശ്യപ്പെടുന്നുണ്ട്.

RFCTLARR ആക്ട് പ്രകാരമുള്ള നഷ്ടപരിഹാരവും പുനരധിവാസ-പുനസ്ഥാപന പാക്കേജും പദ്ധതി ബാധിതർക്ക് നൽകിക്കൊണ്ട് മേൽപരാമർശിച്ച പദ്ധതിക്ക് വേണ്ടി കോഴിക്കോട് താലൂക്കിൽ ഒളവണ്ണ, ചെറുവണ്ണൂർ വില്ലേജുകളിൽ നിന്ന് ഏകദേശം **0.2899** ഹെക്ടർ ഭൂമി ഏറ്റെടുക്കൽ പദ്ധതി നടപ്പിലാക്കാവുന്നതാണെന്ന് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന ഏജൻസി ശുപാർശ ചെയ്തിട്ടുണ്ട്. സാമൂഹ്യപ്രത്യാഘാത പഠനറിപ്പോർട്ട് വിലയിരുത്തിയ

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

വിദഗ്ദസമിതിയുടെ ശുപാർശ, സാമൂഹ്യപ്രത്യാഘാത പഠന റിപ്പോർട്ട് എന്നിവയുടെ അടിസ്ഥാനത്തിൽ **2013** ലെ **RFCTLARR** നിയമപ്രകാരം ഏറ്റെടുക്കൽ നടപടികളുമായി മുന്നോട്ട് പോകുന്നതിന് അനുമതി നൽകിക്കൊണ്ട് **09/10/2025** തിയ്യതിയിലെ ഡി സി കെ കെ ഡി/**10718/2023**/ബി4 നമ്പർ നടപടിക്രമം പ്രകാരം ഉത്തരവായിട്ടുള്ളതാണ്.

(ഒപ്പ്.)
ജില്ലകളക്ടർ
കോഴിക്കോട്.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2026.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

Digitally signed by VEERAN T
Date:2026.02.19 08:18:12 +05:30